**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **01-02-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കൊണ്ടുവന്ന പുതിയ ഭേദഗതിയിൽ കെട്ടിട നിർമാതാക്കൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയ ഭേദഗതി ഏതെന്ന് സർക്കാരിന് ലഭിച്ച പരാതികളുടെയും ആക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ അറിയ്ക്കുമോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 എന്നിവ പരിഷ്കരിച്ച 2019-ൽ പുറത്തിറക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P) No.78/2019/LSGD dated 02/11/2019), കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P) No.77/2019/LSGD dated 02/11/2019) എന്നിവയിൽ കെട്ടിട നിർമ്മാതാക്കൾക്ക് പ്രധാനമായും ബുദ്ധിമുട്ട് ഉണ്ടാക്കിയ ഭേദഗതികൾ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2020, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2020 എന്നിവ മുഖേന ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കെട്ടിട നിർമ്മാതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഭേദഗതികൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | കെട്ടിട നികുതിയിൽ വരുത്തിയിട്ടുള്ള വർദ്ധനവ് ഏതെല്ലാം തരത്തിലാണെന്ന് അറിയിക്കുമോ; 50 ചതുരശ്ര മീറ്ററിനു മുകളിലുള്ള വീടുകളെക്കൂടി നികുതിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള തീരുമാനം ഏറ്റവും സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തേണ്ട വസ്തു നികുതി പരിഷ്കരിക്കുന്ന വിഷയം സംബന്ധിച്ച് ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശിപാർശ സർക്കാർ അംഗീകരിച്ചു എങ്കിലും നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കെട്ടിട നികുതി വർദ്ധനവ് മൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തേണ്ട വസ്തു നികുതി പരിഷ്കരിക്കുന്ന വിഷയം സംബന്ധിച്ച് ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശിപാർശ സർക്കാർ അംഗീകരിച്ചു എങ്കിലും നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 350. 01.02.2023- ൽ മറുപടി നൽകേണ്ടത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | എം.ബി.രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കൊണ്ടുവന്ന പുതിയ ഭേദഗതിയിൽ കെട്ടിട നിർമാതാക്കൾക്ക് ഏറ്റവും കൂടുതല് ബുദ്ധിമുട്ടുണ്ടാക്കിയ ഭേദഗതി ഏതെന്ന് സർക്കാരിന് ലഭിച്ച പരാതികളുടെയും ആക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ അറിയ്ക്കാമോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 എന്നിവ പരിഷ്കരിച്ച് 2019-ൽ പുറത്തിറക്കിയ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P) No.78/2019/LSGD dated 02/11/2019), കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (GO(P) No.77/2019/LSGD dated 02/11/2019) എന്നിവയിൽ കെട്ടിട നിർമ്മാതാക്കൾക്ക് പ്രധാനമായും ബുദ്ധിമുട്ട് ഉണ്ടാക്കിയ ഭേദഗതികൾ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് കേരള പഞ്ചായത്ത് കെട്ടിട നിർ മ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2020, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2020 എന്നിവ മുഖേന ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കെട്ടിട നിർമ്മാതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഭേദഗതികൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | കെട്ടിട നികുതിയിൽ വരുത്തിയിട്ടുള്ള വർദ്ധനവ് ഏതെല്ലാം തരത്തിലാണെന്ന് അറിയിക്കുമോ; 50 ചതുരശ്ര മീറ്ററിനു മുകളിലുള്ള വീടുകളെക്കൂടി നികുതിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള തീരുമാനം ഏറ്റവും സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തേണ്ട വസ്തുനികുതി പരിഷ്കരിക്കുന്ന വിഷയം സംബന്ധിച്ച് ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ ശിപാർശ സർക്കാർ അംഗീകരിച്ചു എങ്കിലും നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കെട്ടിട നികുതി വർദ്ധനവ് മൂലം | | |

| | | | |
|---|---|---|---|
| | പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

M B RAJESH

MINISTER